

TUESDAY 28.11.2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

# FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)28/11/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന്, തിരൂരങ്ങാടി, വേങ്ങര, കോട്ടയ്ക്കൽ എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ നാലാംഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് തീവ്രയജ്ഞം സംസ്ഥാനത്ത് 2023 ഡിസംബർ 1-ാം തീയതി മുതൽ ആരംഭിക്കുകയാണ്. 2009 ലെ മൃഗങ്ങൾക്കുള്ള സാംക്രമിക രോഗ നിയന്ത്രണ/നിർമ്മാർജ്ജന ആക്ട് പ്രകാരം കുളമ്പുരോഗ കുത്തിവെയ്പ്പ് എടുക്കേണ്ടത് അനിവാര്യമാണ്. 2025 ഓടുകൂടി കുളമ്പുരോഗം നിയന്ത്രണ വിധേയമാക്കുന്നതിനും 2030 ഓടുകൂടി നിർമ്മാർജ്ജനം ചെയ്യുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതുവഴി മാംസം, പാൽ, തുകൽ, അവയുടെ ഉപഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതിയാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. നാല് മാസത്തിന് മുകളിൽ പ്രായമുള്ള പശു/എരുമ വർഗ്ഗത്തിലുള്ള ഉരുക്കൾക്കാണ് കുത്തിവയ്പ്പ് നൽകുന്നത്. (അവസാന മൂന്ന് മാസം ഗർഭാവസ്ഥയിലുള്ളവ/അസുഖമുള്ളവ/നാല് മാസത്തിന് താഴെ പ്രായമുള്ള കിടാങ്ങൾ എന്നിവയെ ഒഴിവാക്കും). വാക്സിനേഷൻ യജ്ഞം വിജയിപ്പിക്കുന്നതിന് സംസ്ഥാനം പൂർണ്ണമായും സജ്ജമാണ്. എല്ലാ കർഷകരും ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തി സ്വന്തം ഉരുക്കളെ പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കേണ്ടതാണ്.

3. കേരള കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കരയിലുള്ള പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ പച്ചചീരയുടെ ഇനമായ Co 1 , ചുവന്ന ചീരയുടെ ഇനങ്ങളായ അരുൺ, കെഎയു വൈഗ എന്നിവയുടെ വിത്തുകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരുമാസം പ്രായമായ ഗ്രാമശ്രീ, കരിങ്കോഴി എന്നീ ഇനങ്ങളിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളുടെ വിൽപ്പന ആരംഭിച്ചിരിക്കുന്നു. താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

പരിശീലന പരിപാടി

5. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് "കാട വളർത്തൽ" എന്ന വിഷയത്തിൽ ഈ മാസം 30ന് (30.11.2023) രാവിലെ 10 മണി മുതൽ 1 മണി വരെ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. മലപ്പുറം ജില്ലയിലെ ആതവനാട് മൃഗസംരക്ഷണപരിശീലനകേന്ദ്രത്തിൽ വച്ച് നവംബർ- 29 ന് "തീറ്റപ്പുല് കൃഷിയും സൈലേജ് നിർമ്മാണവും" എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പ്പര്യമുള്ളവർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. മൃഗസംരക്ഷണ വകുപ്പ് തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (28/11/23), രാവിലെ 10 മണി മുതൽ 5 മണി വരെ **പോത്തുകുട്ടി പരിപാലനം** എന്ന വിഷയത്തിൽ നേരിട്ട് സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188522711, 0469-2965535

8. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ **'ശുദ്ധജല മത്സ്യകൃഷി'** എന്ന വിഷയത്തിൽ 29.11.2023-ന് പരിശീലനം സംഘടിപ്പിക്കുന്നു . 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773 ഫോൺ നമ്പറിൽ ബന്ധപ്പെടുക.

9. ചീരയിലെ പ്രധാന കീടമായ ഇലതീനി പുഴുക്കൾക്കെതിരെ ഗോമൂത്രം, കാന്താരി മുളക് മിശ്രിതം, വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതം എന്നിവ ഉപയോഗിക്കാം. ചീരയിലെ ഒരു പ്രധാന രോഗമാണ് ഇലപ്പുള്ളി രോഗം. ചുവന്ന ചീരയും, പച്ച ചീരയും ഇടകലർത്തി നടുന്നത് രോഗം കുറക്കുന്നു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്യൂഡോമോണാസ് ഉപയോഗിച്ച് വിത്ത് പരിചരണം നടത്തുന്നതും 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ പച്ച ചാണക തെളിയിൽ കലക്കി തളിക്കുന്നതും രോഗ നിയന്ത്രണത്തിന് ഫലപ്രദമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം